(എ) എസ്. എച്ച്. 38-ൽ മമ്പറം പാലം മുതൽ കൂത്തുപറമ്പ് വരെ റോഡിന്റെ പല ഭാഗത്തും ആവശ്യമായ വീതി ഇല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റോഡിന്റെ വീതി കുറഞ്ഞ ഭാഗങ്ങളിൽ ആവശ്യമായ സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുത്ത് വീതി കൂട്ടി പരിഷ്കരിക്കുന്നതിന് 235 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ പരിഗണിച്ചുവരുന്നു.

മഞ്ചേശ്വരം മണ്ഡലത്തിലെ കുണ്ടടുക്കം, ബളളൂർ, കൊടിയമ്മ പാലം നിർമ്മാണം

30 [2330] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം മണ്ഡലത്തിൽ കുണ്ടടുക്കം, ബളളൂർ, കൊടിയമ്മ എന്നിവിടങ്ങളിൽ പാലം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർകോട് ജില്ലയിലെ കുണ്ടടുക്കം പാലവും അതിനോട് ബന്ധപ്പെട്ട റോഡും നിർമ്മിക്കുന്നതിനുള്ള 55 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് നബാർഡിന്റെ അനുവാദത്തിനായി സമർപ്പിച്ചിട്ടുണ്ട്. മറ്റ് രണ്ട് പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

പന്തളം നിയോജകമണ്ഡലത്തിലെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന റോഡുകൾ

31 [2331] ശ്രീ. കെ. കെ. ഷാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ ഭരണിക്കാവ് മുക്ക്-കോമല്ലൂർ-തെരുവിൽമുക്ക്-പടനിലം-കുടശ്ശനാട്-ആദിക്കാട്ട് കുളങ്ങര എന്നീ പ്രധാനപ്പെട്ട റോഡുകൾ പി. ഡബ്ല്യു. ഡി. ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എതുവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) ഈ റോഡ് എന്നത്തേക്ക് പി. ഡബ്ല്യു. ഡി. ഏറ്റെടുക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പന്തളം മണ്ഡലത്തിലെ കൂടുതൽ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ, ബി) ഈ റോഡുകൾ സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (ആർ. റ്റി.) 231/2005/പി. ഡബ്ല്യു. ഡി. തീയതി 1-3-2005 പ്രകാരം മരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly